"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരൂർ നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എൻ. മണികണ്ഠൻ - നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.1962/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/10/2020

പരാമർശം:- 1 നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 11.08.2020 തിയതിയിലെ ഇ8-27392/2018(1) നമ്പർ ഉത്തരവ്.

2 നഗരകാര്യ ഡയറക്ടറുടെ 11.08.2020 തിയതിയിലെ ഇ8-27392/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 07.10.2014ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. എൻ. മണികണ്ഠൻ, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 08.11.2016തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യ മായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും ശ്രീ. എൻ. മണികണ്ഠന് 30.05.2019 തീയതിയിൽ 50 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (08.11.2017വരെ) ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 31.05.2019ൽ പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 01.06.2019വരെ ദീർഘിപ്പിക്കണമെന്നും നഗരകാര്യഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 07.10.2014ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. എൻ. മണികണ്ഠൻ 30.05.2019 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 30.05.2019 പൂർവ്വാഹ്നത്തിൽ ടിയാന്റെ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതി അവസാനിച്ച 09.11.2017 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 31.05.2019 വരെ കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. എൻ. മണികണ്ഠൻ , എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ, തിരൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ